# മുസിരിസ് പദ്ധതി: 'ഹെയ്കൽ' സിനഗോഗിൽ പുനഃസ്ഥാപിക്കും



പറവൂർ ജൂതപ്പള്ളിയിൽനിന്ന് ജറുസലേമിലേക്കു കൊണ്ടുപോയ ഹെയ്കൽ എന്ന അൾത്താര. ജറുസലേമിലെ മ്യൂസിയത്തിൽ സൂക്ഷിച്ചിരിക്കുന്ന അൾത്താരയുടെ ചിത്രം.

**എം എസ് അശോകൻ**

**കൊച്ചി:** പറവൂർ ജൂതപ്പള്ളിയിൽനിന്ന് ജറുസലേമിലെ ചരിത്ര മ്യൂസിയത്തിലേക്കുമാറ്റിയ ഹെയ്കൽ എന്ന കൂറ്റൻ അൾത്താരയുടെ മാതൃക മുസിരിസ് പൈതൃക പദ്ധതിയുടെ ഭാഗമായി സിനഗോഗിൽ പുനഃസ്ഥാപിക്കുന്നു. മലബാറി ജൂതരുടെ വകയായ സിനഗോഗിൽനിന്ന് പതിറ്റാണ്ടുകൾക്കുമുമ്പ് ഇസ്രായേലിലേക്ക് കൊണ്ടുപോയ ഹെയ്കലിന്റെ ഫോട്ടോയിൽനിന്ന് വിദഗ്ധ ആർകിടെക്റ്റുകളാണ് അൾത്താര പുനഃസൃഷ്ടിക്കുന്നത്.

200 വർഷത്തോളം പഴക്കമുള്ള പറവൂർ സിനഗോഗിലെ അൾത്താര ദാരുശിൽപ്പ കലാവിസ്മയമാണ്. ജൂതരുടെ വിശുദ്ധഗ്രന്ഥമായ തോറ ഇതിലെ അറയിലാണ് സൂക്ഷിക്കുന്നത്. 18 അടി ഉയരവും ഒമ്പതരയടി വീതിയുമാണ് അൾത്താരക്ക്. ആറുപതിറ്റാണ്ടുമുമ്പാണ് കേരളത്തിലെ ജൂതർ ഇസ്രായേലിലേക്ക് മടങ്ങാനാരംഭിച്ചത്. തുടർന്നുള്ള വർഷങ്ങളിലാണ് അൾത്താരയും കൊണ്ടുപോയതെന്ന് കരുതുന്നു. മുസിരിസ് പദ്ധതിയുടെ ഭാഗമായി അൾത്താരയുടെ ബ്ലാക്ക് ആൻഡ് വൈറ്റ് ഫോട്ടോ ലഭിച്ചിരുന്നു. അൾത്താര ജറുസലേമിലെ മ്യൂസിയത്തിലുള്ളതായി ജൂതരിൽനിന്നുതന്നെ വിവരം കിട്ടിയെങ്കിലും മ്യൂസിയത്തിൽ പ്രദർശന വസ്തുക്കളുടെ ഫോട്ടോയെടുക്കുന്നതിന് വിലക്കുള്ളതിനാൽ ആ വഴിയടഞ്ഞു. പിന്നീട് ഏറെ ശ്രമകരമായാണ് മ്യൂസിയത്തിലുള്ള ഹെയ്കലിന്റെ ഫോട്ടോ സംഘടിപ്പിച്ചത്. ഇതിൽനിന്ന് അൾത്താരയുടെ ത്രിമാന ചിത്രം വരച്ചെടുക്കാനുള്ള ശ്രമത്തിലാണ് ആർക്കിടെക്റ്റുകൾ. തുടർന്ന് ദാരുശിൽപ്പ വിദഗ്ദരെ കണ്ടെത്തി പുനർനിർമിക്കും.

മുസിരിസ് പദ്ധതിയിൽ പൂർത്തിയാകുന്ന നാല് പൈതൃക മ്യൂസിയങ്ങൾ ഡിസംബറിൽ തുറക്കും. പറവൂരിലെ പാലിയം കൊട്ടാരം, പാലിയം നാലുകെട്ട്, പറവൂർ ജൂതപ്പള്ളി, ചേന്ദമംഗലം ജൂതപ്പള്ളി എന്നിവയാണ് മൂന്നുകോടി ചെലവിട്ട് നവീകരിച്ച് മ്യൂസിയങ്ങളായി തുറക്കുന്നത്. ഏപ്രിലിൽ ആരംഭിച്ച പദ്ധതികൾ നിശ്ചിതസമയത്തിനുമുമ്പാണ് പൂർത്തിയാകുന്നത്.

ചേന്ദമംഗലം സിനഗോഗ് ജൂതരുടെ ജീവിതശൈലി പ്രതിഫലിപ്പിക്കുന്ന മ്യൂസിയമായിരിക്കും. മ്യൂസിയത്തിലേക്ക് ജൂതരുടെ ജീവിതവുമായി ബന്ധപ്പെട്ട വസ്തുക്കൾ ശേഖരിക്കുന്നതിന്റെ ഭാഗമായി എറണാകുളത്തെ ജൂതരുമായി 28ന് കൂടിക്കാഴ്ച നടത്തുന്നുമെന്ന് മുസിരിസ് പദ്ധതിയുടെ സ്പെഷ്യൽ ഓഫീസർ വി എം സുനിൽ പറഞ്ഞു.

1786ൽ നിർമിച്ച പാലിയം നാലുകെട്ട് കേരളത്തിന്റെ നാടുവാഴിത്തകാല ചരിത്രം വെളിപ്പെടുത്തുന്ന ലൈഫ്സ്റ്റൈൽ മ്യൂസിയമായിരിക്കും. പാലിയം കൊട്ടാരം പാലിയം കുടുംബത്തിന്റെയും പഴയ കൊച്ചി രാജ്യത്തിന്റെയും ചരിത്രം അനാവരണംചെയ്യും. പറവൂർ, ചേന്ദമംഗലം പ്രദേശത്തെ ജനജീവിതത്തെ കുറിക്കുന്ന പ്രദർശനവും ഉണ്ടാകും.

മുസിരിസ് പ്രദർശനങ്ങളിലേക്ക് സന്ദർശകരെ എത്തിക്കാനുള്ള കേന്ദ്രമായി രണ്ട് വിസിറ്റ് സെന്ററാണ് തയ്യാറാകുന്നത്. കൊടുങ്ങല്ലൂരിലെ വിസിറ്റ് സെന്ററിന്റെ നിർമാണവും കോട്ടപ്പുറം മാർക്കറ്റിന്റെ പുനരുദ്ധാരണവും ഉടൻ തുടങ്ങും. പറവൂർ കണ്ണൻകുളങ്ങര ക്ഷേത്രത്തോടനുബന്ധിച്ചാണ് രണ്ടാമത്തേത്. വാഹനങ്ങൾ ഇവിടെ നിർത്തിയിട്ട് സന്ദർശകരെ ബോട്ട്മാർഗം മുസിരിസ് പദ്ധതികളിലേക്കു കൊണ്ടുപോകാനാണ് പദ്ധതി.

ഡിസംബറിൽ ഒന്നാംപാദവും 2011 മാർച്ച്-മെയ് മാസത്തോടെ പദ്ധതി ആകെയും പ്രവർത്തന സജ്ജമാകുമെന്നാണു പ്രതീക്ഷ.



പറവൂർ ജൂതപ്പള്ളി

# ഇനി ചരിത്രം ഹൈടെക്കിൽ അനുഭവിക്കാം

**സ്വന്തം ലേഖകൻ**

**കൊച്ചി:** മുസിരിസ് പദ്ധതിയിൽ പൂർത്തിയാകുന്ന മ്യൂസിയങ്ങളിലെ പ്രദർശനവസ്തുക്കൾക്കു മുന്നിലെത്തുന്ന സന്ദർശകന് അവയുടെ ചരിത്രവും പരിണാമവുമൊക്കെ സമഗ്രരൂപത്തിൽ അനുഭവിക്കാൻ അവസരം. അതും സുന്ദരമായ ദൃശ്യങ്ങളുടെയും ബഹുഭാഷാ വിവരണങ്ങളുടെയും അകമ്പടിയോടെ. ഇതിനായി ഹൈടെക് സംവിധാനമാണ് മുസിരിസിന്റെ ഭാഗമായ പാലിയം കൊട്ടാരം, നാലുകെട്ട്, പറവൂർ സിനഗോഗ്, ചേന്ദമംഗലം സിനഗോഗ് എന്നിവിടങ്ങളിൽ നടപ്പാക്കുന്നത്.

ഇന്ത്യയിലെതന്നെ ആദ്യ ഹൈടെക് മ്യൂസിയമെന്നു വിശേഷിപ്പിക്കാവുന്ന സവിശേഷതകളാണ് പദ്ധതിയിലൂടെ നാലു ചരിത്ര മ്യൂസിയങ്ങൾക്കും കൈവരുന്നത്. നാല് സ്മാരകങ്ങളുടെയും അവിടുത്തെ പ്രദർശനവസ്തുക്കളുടെയും സമഗ്ര ചരിത്രം, നൂറ്റാണ്ടുകൾ പിന്നിട്ട അവയുടെ പരിണാമം എന്നിവ ഡോക്യുമെന്ററിയും ഹ്രസ്വചിത്രവുമാക്കലാണ് പദ്ധതിയുടെ ആദ്യപടി.

ഉന്നതനിലവാരത്തിൽ ദൃശ്യവും ബഹുഭാഷ വിവരണവും സന്നിവേശിപ്പിക്കുന്ന ഈ ഡോക്യുമെന്ററികൾ മ്യൂസിയത്തിലെ എൽസിഡി, എൽഇഡി മോണിറ്ററുകളിലൂടെ പ്രദർശിപ്പിക്കും. ഒരു മ്യൂസിയത്തിൽ 20 എൽസിഡികളുണ്ടാകും. വിവരണങ്ങൾ വിദേശഭാഷകളിലുൾപ്പെടെ നൽകും. രാജ്യത്ത് മറ്റൊരു മ്യൂസിയത്തിലും ഈ സംവിധാനമില്ലെന്ന് മുസിരിസ് പദ്ധതി സ്പെഷ്യൽ ഓഫീസർ വി എം സുനിൽ പറഞ്ഞു.

മൂന്നുകോടി രൂപ ചെലവിലാണ് ഈ സംവിധാനം ഏർപ്പെടുത്തുന്നത്. മ്യൂസിയങ്ങളുടെയും അനുബന്ധ സ്മാരകളുടെയും ചരിത്രം ഡോക്യുമെന്ററിയാക്കുന്ന ചുമതല സി ഡിറ്റിനാണ്. ചിത്രീകരണത്തിനു മുന്നോടിയായുള്ള ചർച്ച കഴിഞ്ഞു. പ്രമുഖ സിനിമ-ഡോക്യുമെന്ററി സംവിധായകരെ സി ഡിറ്റ് പരിഗണിക്കുന്നു. കേന്ദ്രസർക്കാരിനു കീഴിലുള്ള ഡൊയാക് എന്ന സ്ഥാപനമാണ് ഹൈടെക് സംവിധാനത്തിന് സാങ്കേതികസഹായവും സാമഗ്രികളും നൽകുക. 2011 പകുതിയോടെ സംവിധാനം സജ്ജമാകും.